**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5129** **21-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പ് പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയിൽ കൃഷി വകുപ്പ് പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (എ) | സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പേരാമ്പ്ര മണ്ഡലത്തിൽ ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി ഫലപ്രദമായി നടപ്പാക്കി. എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്ത്തല ഉദ്ഘാടനം പൂർത്തിയാക്കുകയും പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവ ആവശ്യമനുസരിച്ച് വിതരണം ചെയ്യുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ രൂപീകരിക്കുവാൻ സാദ്ധ്യമാകുന്ന പരമാവധി കൃഷിക്കൂട്ടങ്ങൾ പൂർത്തീകരിക്കും. ഉല്പാദന, സേവന വിപണന മൂല്ല്യവർദ്ധന മേഖലയിലും കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കും. ഈ കൃഷിക്കൂട്ടങ്ങൾ പൂർത്തിയാക്കുന്നതോടെ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും കർഷകന്റെ വരുമാനം വർദ്ധിക്കുകയും ചെയ്യും. ജൈവ കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകിയ പദ്ധതികളും മണ്ഡലത്തിൽ ആരംഭിച്ചു കഴിഞ്ഞു. കരനെൽകൃഷി, സുഗന്ധ വിള കൃഷി. എന്നിവയും ഈ കാലയളവിൽ ആരംഭിച്ചു കഴിഞ്ഞു. മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ ആരംഭിക്കുന്ന കാര്യവും സർക്കാർ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ